ഉത്തരം

(എ)—(ഇ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തണമെന്ന നിയമത്തിന് ഇളവനുവദിച്ച് താഴെപ്പറയുന്ന രണ്ടു നിയമനങ്ങൾ നടത്തിയിട്ടുണ്ട്:

(1) ദിവസവേതനാടിസ്ഥാനത്തിൽ കൂടുതൽ കാലം ജോലി നോക്കിയിട്ടുള്ള യാളെന്ന നിലയ്ക്ക് ഒരു പ്രത്യേക കേസ്സായി പരിഗണിച്ച് ദിവസവേതനക്കാരിയായി ജോലി നോക്കിയിരുന്ന ശ്രീമതി ജി. മോളിയെ പാർട്ട് ടൈം സ്വീപ്പർ-കം-സാനിട്ടേഷൻ വർക്കറായി നിയമിച്ചിട്ടുണ്ട്.

(2) സെക്രട്ടേറിയറ്റ് തോട്ടത്തിൽ ദിവസവേതനക്കാരനായി ജോലി നോക്കുന്ന ശ്രീ. പി. രാജീവിനെ പാർട്ട് ടൈം ഗാർഡനറായി നിയമിച്ചുത്തരവായിട്ടുണ്ട്. സെക്രട്ടേറിയറ്റ് തോട്ടത്തിൽ ദിവസവേതനക്കാരനായി കൂടുതൽകാലം ജോലി നോക്കിയിരുന്നയാളെന്ന നിലയ്ക്ക് തിരുവനന്തപുരം ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ സാമ്പത്തികപരാധീനത കണക്കിലെടുത്ത് ഒരു പ്രത്യേക കേസ്സായി പരിഗണിച്ചാണ് ടിയാന്റെ നിയമന ഉത്തരവ് പുറപ്പെടുവിച്ചത്. പാർട്ട് ടൈം സ്വീപ്പർ, പാർട്ട് ടൈം ഗാർഡനർ തസ്തികകളിലേക്ക് സ്ഥിരനിയമനമാണ് നടത്തുന്നത്.

ഡൽഹിയിലെ കേരള ഹൗസിന്റെ മാതൃകയിൽ മുംബൈ, ചെന്നൈ ബാംഗ്ലൂർ എന്നിവിടങ്ങളിൽ കേരളാ ഹൗസുകൾ

9 [2315] *ശ്രീ. കെ. മുഹമ്മദാലി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡൽഹിയിലുള്ള കേരളാ ഹൗസിന്റെ മാതൃകയിൽ മുംബൈ, ചെന്നൈ, ബാംഗ്ലൂർ എന്നിവിടങ്ങളിൽ കേരളാ ഹൗസുകൾ പണിയാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതുസംബന്ധിച്ച് ഗവൺമെന്റ് കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(സി) ഗവൺമെന്റ് എന്തെങ്കിലും നടപടി കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതിന്റെ വിശദാംശം വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) — (സി) ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളായ ആന്ധ്രാപ്രദേശ്, കർണ്ണാടകം, തമിഴ്നാട്, പോണ്ടിച്ചേരി, ഗോവ, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളിൽ കേരള സംസ്ഥാനത്തിന് ഒരു ലെയിസൺ-കം-ഗസ്റ്റ്ഹൗസ് സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം പരസ്പരധാരണയുടെ അടിസ്ഥാനത്തിൽ ലഭ്യമാക്കുമെന്ന വ്യവസ്ഥയിൽ ടി സംസ്ഥാനങ്ങൾക്ക് അവരുടെ ലെയിസൺ-കം-ഗസ്റ്റ്ഹൗസ് സ്ഥാപിക്കുന്നതിനായി അവരുടെ ഇഷ്ടാനുസരണം തലസ്ഥാനമായ തിരുവനന്തപുരത്തോ അല്ലെങ്കിൽ എറണാകുളത്തോ ഏകദേശം ഒരേക്കർ സ്ഥലം അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് ടി സംസ്ഥാനങ്ങളുടെ അഭിപ്രായവും തീരുമാനവും അറിയുന്നതിനുവേണ്ടി അവിടങ്ങളിലെ മുഖ്യമന്ത്രിമാർക്ക് കത്തെഴുതിയിട്ടുണ്ട്.

ഡൽഹിയിലെ കേരളാ ഹൗസിൽ നിലവിലുള്ള ഒഴിവുകൾ

10 [2316] *ശ്രീ. കെ. മുഹമ്മദാലി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡൽഹിയിലെ കേരളാ ഹൗസിൽ ഇപ്പോൾ എത്ര താൽക്കാലിക ജീവനക്കാരുണ്ട്;

(ബി) ഏതെല്ലാം തസ്തികകളിലാണ് ഇവരെ നിയമിച്ചിട്ടുള്ളത്; എത്ര വർഷമായി ഇവർ താൽക്കാലിക ജീവനക്കാരായി കേരളാ ഹൗസിൽ ജോലി ചെയ്തു വരുന്നു;

(സി) കേരളാ ഹൗസിൽ സ്ഥിരംജീവനക്കാരുടെ ഒഴിവുകൾ ഉള്ളകാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഈ ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 35 താൽക്കാലിക ജീവനക്കാരുണ്ട്.

(ബി) കേരളാ ഹൗസ് കൺട്രോളറുടെ ഓഫീസിൽ റിസപ്ഷൻ അസിസ്റ്റന്റ്, ടെലിഫോൺ ഓപ്പറേറ്റർ, ബെയറർ, റൂം അറ്റന്റന്റ്, കുക്ക്, കിച്ചൺ ഹെൽപ്പർ, സ്വീപ്പർ, ഷോഫർ എന്നീ തസ്തികകളിൽ പത്തുവർഷം മുതൽ ഒരുവർഷം വരെ കാലമായി ജോലിചെയ്തുവരുന്നുണ്ട്. കൂടാതെ നിയമവിഭാഗത്തിൽ ഒരു ശിപായിയുടെ തസ്തികയിലും റസിഡന്റ് കമ്മീഷണറുടെ ഓഫീസിലെ മോട്ടോർ സൈക്കിൾ ഡസ്പാച്ച് റൈഡറിന്റെ തസ്തികയിലും ഇൻഫർമേഷൻ ഓഫീസിൽ ഡ്രൈവറുടെയും ശിപായിയുടെയും തസ്തികകളിലുമാണ് താൽക്കാലിക ജീവനക്കാരെ നിയമിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly